ദേശാഭിമാനി

# നഗരവീഥികളിലൂടെ പറക്കാം അതിരൂപിന്റെ സൈക്കിളുകളിൽ

വി ഡി ശ്യാംകുമാർ

**തിരു:** തലസ്ഥാനനഗരിയിൽ സൈക്കിൾ സവാരിക്ലബ്ബിലൂടെ ശ്രദ്ധേയനായ യുവ എൻജിനിയർ പാപ്പനംകോട് സ്വദേശി അതിരൂപിന്റെ സൈക്കിളുകൾ ഇനി കേരളത്തിലെ മറ്റു നഗരങ്ങളിലൂടെയും സവാരി തുടങ്ങും. ഈ മാസംതന്നെ എറണാകുളത്തെയും തൃശ്ശൂരിലെയും നഗരവീഥികളിലൂടെ അതിരൂപിന്റെ സൈക്കിളുകൾ ബെല്ലടിച്ചു പായും. ട്രാഫിക്ക് കുരുക്കിൽ ജീവിതത്തിലെ നല്ലൊരു പങ്കുസമയവും പാഴാക്കേണ്ടിവരുന്ന നഗരവാസികൾക്ക് സുരക്ഷിത ബദൽ യാത്രാസങ്കൽപ്പം കാണിച്ചുകൊടുക്കുകയാണ് എബിസി സൈക്കിൾ ക്ലബ് എന്ന സംരംഭത്തിലൂടെ ഈ യുവാവ്.

തലസ്ഥാനനഗരത്തിലേതുപോലെ ഇവിടങ്ങളിലും പദ്ധതി വിജയമായാൽ സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും സൈക്കിൾ എത്തിക്കുമെന്ന് അതിരൂപ് പറയുന്നു.



അതിരൂപ്

നഗര പ്രാന്തങ്ങളിൽ സ്വന്തം വാഹനം പാർക്കുചെയ്ത് നഗരമധ്യത്തിലൂടെ സൈക്കിളിൽ സവാരി ചെയ്ത് സമയവും ഇന്ധനവും അന്തരീക്ഷമലിനീകരണവും കുറയ്ക്കുക എന്ന ആശയമാണ് അതിരൂപ് ഇതിലൂടെ സമൂഹത്തിന്റെ മുന്നിൽ വയ്ക്കുന്നത്. നഗരത്തിന്റെ വിവിധ കോർണറുകളിൽ മൂന്നോ നാലോ സൈക്കിളുകൾ അടങ്ങിയ സൈക്കിൾ റാക്കുകൾ സജ്ജമാക്കിയും അവയെ മൊബൈൽ നെറ്റ്‌വർക്കിലൂടെ ബന്ധപ്പെടുത്തിയുമാണ് അതിരൂപ് ഈ ആശയം പ്രാവർത്തികമാക്കിയിരിക്കുന്നത്. തലസ്ഥാനനഗരിയിൽ ഇതിനകം സ്ത്രീകളടക്കം 60ലേറെപേർ എബിസി ക്ലബ്ബിൽ അംഗങ്ങളായി. ഇവിടെ ഇതുവരെ 25 റാക്കുകളും 70 സൈക്കിളുമുണ്ട് അതിരൂപിന്. വഴി എളുപ്പത്തിനും കിലോമീറ്റർ മുൻകൂട്ടി അറിയുന്നതിനും സിറ്റി മാപ്പും അതിരൂപ് നൽകുന്നു.

നഗരത്തിൽ സൈക്കിളിൽ യാത്ര ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് എബിസി ക്ലബ്ബിൽ രജിസ്റ്റർ ചെയ്താൽ മതി. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഒറ്റത്തവണയായി അടയ്ക്കണമെന്നില്ല. അംഗമായി ചേർന്നവർ സൈക്കിൾ റാക്കിലെത്തി ചെയിൻ നമ്പർ എസ്എംഎസ് അയച്ചാൽ സൈക്കിൾ ലോക്കുചെയ്തിരിക്കുന്ന ലോക്ക്നമ്പർ മൊബൈലിൽ എസ്എംഎസ് ആയി വരും. യാത്ര കഴിഞ്ഞ് സൈക്കിൾ നഗരത്തിലെ ഏതുകോർണറിലെയും റാക്കിൽ തിരിച്ചുവയ്ക്കാം. അതിനുശേഷം റാക്കിലെ മറ്റു സൈക്കിളുമായി ബന്ധിപ്പിച്ചിരിക്കുന്ന ചെയിൻ നമ്പർ എസ്എംഎസ് അയയ്ക്കണം. അപ്പോൾ സൈക്കിൾവാടക എത്രയാണ് നൽകേണ്ടതെന്ന വിവരം എസ്എംഎസിലൂടെ ലഭിക്കും. അരമണിക്കൂറിന് ഒരുരൂപ എന്ന നിരക്കിലേ വാടകയീടാക്കൂ. മറ്റു വാഹനങ്ങളിൽ 50 രൂപ ടാക്സി ചാർജ് കൊടുക്കേണ്ടിവരുന്ന സ്ഥാനത്താണ് ഈ ഒരുരൂപ. അധികമുള്ള പണം അക്കൗണ്ടിൽ സൂക്ഷിക്കും. ഡ്രോപ്പ് ബോക്സിൽ പണം നിക്ഷേപിക്കുമ്പോൾ നോട്ടിന്റെ മൂല്യവും നോട്ടിലെ അവസാനത്തെ നാലു നമ്പറും എസ്എംഎസും അയയ്ക്കണം.

സൈക്ലിങ് ഹോബിയായിരുന്ന അതിരൂപ് ഇന്ത്യയിലങ്ങോളമിങ്ങോളം സൈക്കിളിൽ സവാരിചെയ്തിട്ടുണ്ട്. 15 വർഷത്തിനിടയിൽ 15,000 കിലോമീറ്ററിലധികം താണ്ടി. ഈയാത്രയിലാണ് സൈക്കിൾ ക്ലബ് എന്ന ആശയം മനസ്സിലുദിച്ചത്. സൈക്കിളിനെക്കുറിച്ച് റിസർച്ചും നടത്തുന്നുണ്ടിപ്പോൾ.

ഇറ്റലിയിലും ജർമനിയിലുമൊക്കെ ഇത്തരം സംരംഭങ്ങൾ വിജയകരമായിട്ടുണ്ട്. 2001ൽ കുസാറ്റിൽനിന്ന് മെക്കാനിക്കൽ എൻജിനിയറിങ് കഴിഞ്ഞിറങ്ങിയ 31കാരനായ അതിരൂപ് സ്വന്തമായി എൻജിനിയറിങ് കൺസൾട്ടൻസി സ്ഥാപനവും നടത്തുന്നുണ്ട്. സൈക്കിൾ ക്ലബ്ബിൽ അംഗമാകാൻ താൽപ്പര്യമുള്ളവർക്ക് 9645511155 എന്ന നമ്പറിൽ വിളിക്കാം. തിരുവനന്തപുരത്ത് വാൻറോസ് ജങ്ഷനിലാണ് അതിരൂപ് സൈക്കിൾ ക്ലബ് എന്ന എബിസി സൈക്കിൾ ക്ലബ്ബിന്റെ ഓഫീസ്.